# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 252** — **04/06/2018-ൽ മറുപടിയ്ക്ക്**

## നിപാ വൈറസ് രോഗബാധ

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.പി.ടി.എ. റഹീം**<br>**,, ജെയിംസ് മാത്യു**<br>**,, കെ.സുരേഷ് കുറുപ്പ്**<br>**,, ജോൺ ഫെർണാണ്ടസ്** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| എ) സംസ്ഥാനത്ത് നിപാ വൈറസ് രോഗ ബാധ സ്ഥിരീകരിച്ചതിനുശേഷം രോഗപ്രതിരോധത്തിനും രോഗവ്യാപനം കാര്യക്ഷമമായി തടയുന്നതിനും എന്തെല്ലാം സത്വര നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ; | എ) 20.05.2018 മുതൽ നിപ വൈറസ് രോഗം സംശയിക്കുന്ന രോഗികൾക്ക വേണ്ടി കോഴിക്കോട് മെഡിക്കൽ കോളേജിൽ പ്രത്യേക നിരീക്ഷണവാർഡും ഐസൊലേഷൻ വാർഡും തുറന്നു പ്രവർത്തിയ്ക്കുകയും ഈ വാർഡുകളിൽ പ്രവേശിപ്പിക്കപ്പെട്ട രോഗികളിൽ നിന്നും മറ്റുള്ളവർക്ക് രോഗം പകരാതിരിക്കാനുള്ള മുൻകരുതലുകൾ സ്വീകരിക്കുകയും ചെയ്തു. നിപ വൈറസിനെതിരെ ബംഗ്ലാദേശിൽ (2001-2010) രൂപീകരിച്ച മാർഗ്ഗരേഖയും, ലോകാരോഗ്യ സംഘടനയുടെ മാർഗ്ഗരേഖയും അടിസ്ഥാനപ്പെടുത്തി വിദഗ്ധ സംഘം ഒരു മാർഗ്ഗരേഖ ഉണ്ടാക്കുകയും ആയത് എല്ലാ ജില്ലകളിലേയ്ക്കും അയച്ചു നൽകുകയും ചെയ്തു. ഇത് പ്രകാരം പ്രതിരോധ പ്രവർത്തനം ശക്തമാക്കാൻ നിർദ്ദേശം നൽകുകയും ചെയ്തു<br>22.05.2018 ന് സ്റ്റേറ്റ് മിഷൻ ഡയറക്ടർ, അഡീഷണൽ ഡയറക്ടർ (പൊതുജനാരോഗ്യം), അസിസ്റ്റന്റ് ഡയറക്ടർ (പൊതുജനാരോഗ്യം), നിപ നോഡൽ ഓഫീസർ എന്നിവർ കോഴിക്കോട് മെഡിക്കൽ കോളേജിലെ ഐസൊലേഷൻ വാർഡുകൾ സന്ദർശിച്ച് സജ്ജീകരണങ്ങൾ വിലയിരുത്തുകയും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. ജില്ലയിലെ പ്രധാനപ്പെട്ട സ്വകാര്യ ആശുപത്രികളിലും താലൂക്ക്-ജനറൽ ആശുപത്രികളിലും അടിയന്തര ചികിത്സയ്ക്കാവശ്യമായ സജ്ജീകരണങ്ങൾ ഒരുക്കുകയും ചെയ്തിരുന്നു.<br>മൃഗസംരക്ഷണവകുപ്പ്, ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി, വനം വകുപ്പ് |

റവന്യൂ വകുപ്പ്, ആഭ്യന്തര വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്, പ്രതിനിധികളുടെ പങ്കാളിത്തത്തോടെ രോഗപ്രതിരോധ പ്രവർത്തനം ശക്തമാക്കി. പനി നിരീക്ഷണത്തിന് രോഗബാധിത പ്രദേശത്തും അതിനടുത്തുള്ള പ്രദേശത്തും പ്രാഥമികാരോഗ്യ കേന്ദ്രം ചെങ്ങരോത്ത് മെഡിക്കൽ ഓഫീസറുടെയും, ഹീൽഡ് വിഭാഗം ജീവനക്കാരുടെയും നേതൃത്വത്തിൽ മെഡിക്കൽ ക്യാമ്പുകൾ നടത്തി. നിപ രോഗബാധിതരുമായി ഏതെങ്കിലും രീതിയിൽ സമ്പർക്കമുണ്ടായവർക്ക് ഈ രോഗം വരാൻ സാദ്ധ്യതയുള്ളതിനാൽ അത്തരക്കാരുമായി സമ്പർക്കം വന്നവരെ കണ്ടുപിടിച്ച് അവരെ നിരീക്ഷിക്കുന്നതിനും രോഗലക്ഷണങ്ങൾ കാണിക്കുന്ന പക്ഷം വേണ്ട ചികിത്സയും പരിചരണവും നൽകി വരുന്നു. രോഗചികിത്സയ്ക്ക് ആവശ്യമായ റിബാവൈറിൻ ഉൾപ്പെടെയുള്ള മരുന്നുകൾ ആവശ്യാനുസരണം ലഭ്യമാക്കി. നിപരോഗ ബാധയുള്ളവരുമായും, രോഗം സംശയിക്കുന്നവരുമായും, ചികിത്സയ്ക്കും പരിചരണത്തിനുമായി അടുത്തിടപഴകേണ്ട ഡോക്ടർമാർ, നഴ്സുമാർ മറ്റ് ആരോഗ്യ പ്രവർത്തകർ, ബന്ധുക്കൾ തുടങ്ങിയവർ സ്വീകരിക്കേണ്ട വ്യക്തിഗത സുരക്ഷാ മാർഗ്ഗങ്ങളടങ്ങിയ കിറ്റ്, എൻ95 മാസ്ക്, 3 പാളികളുള്ള മാസ്ക്, കൈയ്യുറകൾ, എപ്രോണുകൾ, അണുനാശിനികൾ തുടങ്ങിയവ ലഭ്യമാക്കിയിരുന്നു. മൃതദേഹങ്ങൾ ബന്ധുക്കളും പൊതുജനങ്ങളുമായി അധികം സമ്പർക്കം വരാത്ത രീതിയിൽ ലോകാരോഗ്യ സംഘടനയുടെ മാനദണ്ഡങ്ങൾക്കനുസരിച്ച് സംസ്കരിക്കുകയും ചെയ്തു.

**ബി)** ഇതു സംബന്ധിച്ച് പൊതുജനങ്ങൾക്കുണ്ടാകുന്ന ആശങ്കകൾ ദൂരീകരിക്കുന്നതിനും മുൻകരുതലുകളും ബോധവൽക്കരണവും നടത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

**ബി)** ജനങ്ങൾക്കിടയിലുള്ള ആശങ്കകൾ ദൂരീകരിക്കുന്നതിനും നിപ രോഗബാധയെപ്പറ്റിയുള്ള അവബോധം ഉണ്ടാക്കുന്നതിനും ആരോഗ്യവകുപ്പ് ഡയറക്ടർ, ജില്ലാ മെഡിക്കൽ ഓഫീസർ, ജില്ലാ കളക്ടർ എന്നിവരുടെ നേതൃത്വത്തിൽ വിവിധ ദിവസങ്ങളിൽ രോഗത്തെപ്പറ്റിയും രോഗപ്രതിരോധ പ്രവർത്തനങ്ങളെപ്പറ്റിയും ദൃശ്യ ശ്രാവ്യ മാധ്യമങ്ങളിൽ വാർത്തകൾ നൽകുകയും ജനങ്ങളുടെ ആശങ്കകൾ അകറ്റുകയും ചെയ്തു. അതോടൊപ്പം

സാമൂഹിക മാധ്യമങ്ങളിൽ കൂടിയുള്ള തെറ്റായ പ്രചരണങ്ങൾക്കെതിരെ പ്രതികരിക്കുകയും ജനങ്ങൾക്ക് ശരിയായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

**സി)** പ്രസ്തുത രോഗ ചികിത്സയിൽ സ്വീകരിക്കേണ്ട കൂടുതൽ ഫലപ്രദമായ മാർഗ്ഗങ്ങൾ സംബന്ധിച്ച് എയിംസ്-ന്റെ സഹകരണം അഭ്യർത്ഥിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

**സി)** എയിംസിലെ ഡോക്ടർമാർ വികസിപ്പിച്ചെടുത്ത ചികിത്സാരീതി അവലംബിച്ച്, കോഴിക്കോട് മെഡിക്കൽ കോളേജിലെ വിദഗ്ധ സംഘം മറ്റു വിദഗ്ധരോടൊപ്പം ആവശ്യമായ ചില വ്യതിയാനങ്ങൾ വരുത്തി, റിബാവൈറിൻ എന്ന, വൈറസിനെതിരെയുള്ള മരുന്ന് ചികിത്സയ്ക്കായി ഉപയോഗിച്ച് വരുന്നു. കൂടാതെ ഐ.സി.എം.ആർ പ്രതിനിധികളുടെ ഉപദേശം സ്വീകരിച്ച് ഹ്യൂമൺമോണോ ക്ലോണൽ ആന്റി ബോഡി ചികിത്സ ആരംഭിക്കുന്നതിനായി വിദേശത്തു നിന്നും ലഭ്യമാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ